## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## നെൽകൃഷി മേഖലയെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ ഇടപെടൽ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4013 — 16-05-2017-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.കൃഷ്ണൻ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും നിയമ തടസ്സം നിലനിൽക്കുന്നുണ്ടോ;ഉണ്ടെങ്കിൽ എന്ത്; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ അറുപത് ശതമാനമെങ്കിലും ഭൂമി, ജലം, വൃക്ഷങ്ങൾ എന്നിവയുടെ വികസനത്തിലൂടെ, കൃഷിയും അനുബന്ധപ്രവൃത്തികളുമായും ബന്ധപ്പെട്ട ഉത്പാദനക്ഷമതയുള്ള ആസ്തികൾ സൃഷ്ടിക്കുന്നതിനുതകുന്ന പ്രവൃത്തികളായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആവർത്തന സ്വഭാവമുള്ള കാർഷിക പ്രവൃത്തികൾ പദ്ധതിയിൽ ഏറ്റെടുക്കാൻ പാടില്ലാത്തതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് കേന്ദ്രഗവൺമെന്റിന്റെ നിർദേശങ്ങൾ നിലവിൽ ഉണ്ടോ;ഉണ്ടെങ്കിൽ വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. കേന്ദ്രസർക്കാരിന്റെ 17.09.2014-ലെ 11017/41/201-എം.ജി.എൻ.ആർ.ഇ.ജി.എ (യു.എൻ)(പി.റ്റി -II) നം. കത്തിലെ ഭേദഗതിയിലും 03.01.2014-ലെ എസ്.ഒ.19 (ഇ) നമ്പർ വിജ്ഞാപനത്തിലെ പട്ടിക I-ലും ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട് |
| (സി) | നെൽകൃഷി മേഖലയെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ ആവശ്യമായ ഇടപെടൽ ഗവൺമെന്റ് നടത്തിയിട്ടുണ്ടോ;ഇല്ലെങ്കിൽ ഉൾപ്പെടുത്താൻ ആവശ്യമായ കാര്യങ്ങൾ ഗവൺമെന്റ് ചെയ്യുമോ; | (സി) | നെൽകൃഷി മേഖലയെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുള്ളതാണ്. എന്നാൽ കേന്ദ്രസർക്കാരിൽ നിന്നും അനുകൂല തീരുമാനങ്ങൾ ഉണ്ടായിട്ടില്ല. |
| (ഡി) | കേന്ദ്ര ഗവൺമെന്റ് നിർദേശങ്ങൾ തടസ്സമാകുന്നുണ്ടെങ്കിൽ അത് മാറ്റാൻ ആവശ്യമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുമോ;വ്യക്തമാക്കാമോ? | (ഡി) | നെൽകൃഷി, കൊയ്ത്തിനുശേഷം പുതുതായി വിളവിറയ്ക്കുന്നതുവരെയുള്ള ആവർത്തനസ്വഭാവമുള്ള കൃഷിപ്പണികൾ തുടങ്ങിയവ തൊഴിലുറപ്പ് പദ്ധതിയിലെ അംഗീകൃത പ്രവൃത്തിയിനമായി ഉൾപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിന് ശുപാർശ നൽകിയിട്ടുണ്ട്. എന്നാൽ കേന്ദ്രസർക്കാരിൽ നിന്നും അനുകൂല തീരുമാനം നാളിതുവരെ ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**